പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 7 23.01.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം

ചോദ്യം

ശ്രീ. കെ.എസ്.ശബരീനാഥൻ

" അൻവർ സാദത്ത്

" തിരുവഞ്ചൂർ രാധാകൃഷ്ണൻ

" സണ്ണി ജോസഫ്

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ആരുടെയും ഔദാര്യമല്ലെന്നും ഈ സർക്കാരിന്റെ കാലത്ത് പെൻഷന് വേണ്ടി സമരം ചെയ്യേണ്ടിവരികയില്ലെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നോയെന്ന് അറിയിക്കാമോ ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനുള്ള അധികാരി ഭരണസമിതിയാണ്. കെ.എസ്.ആർ.ടി.സി.യിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനായി 685 കോടി രൂപ ഈ സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള അനുമതിയും സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള സർക്കാർ ഗ്യാരന്റിയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പെൻഷൻകാർക്ക് നിലവിൽ എത്ര മാസത്തെ കുടിശ്ശികയാണ് ഉള്ളത്; | (ബി) | 2017 ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 10,000 രൂപയിലധികം വാങ്ങുന്നവർക്ക് 10,000 രൂപ കഴിച്ച് ബാക്കി തുക നൽകുവാനുണ്ട്. 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിലെ പെൻഷനും വിതരണം ചെയ്യുവാനുണ്ട്. |
| (സി) | 2017 നവംബർ മുതലുള്ള രണ്ട് വർഷത്തേക്കുള്ള പെൻഷൻ വിതരണം പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുമെന്നും നാല് മാസത്തെ പെൻഷൻ കുടിശ്ശിക ഘട്ടം ഘട്ടമായി നൽകുമെന്നും ധനകാര്യ മന്ത്രി ഉറപ്പ് നൽകിയിരുന്നോ; പ്രസ്തുത ഉറപ്പ് പാലിക്കുവാൻ സാധിച്ചിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പെൻഷൻ മുടക്കം കൂടാതെ നൽകുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ നൽകുവാൻ പണം അനുവദിക്കുവാൻ സർക്കാരിന് ബാധ്യതയില്ലെന്ന് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ ; | (ഡി) | കെ.എസ്.ആർ.ടി.സി.യിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യേണ്ടത് കോർപ്പറേഷന്റെ തന്നെ വരുമാനത്തിൽ നിന്നാണ്. ഇക്കാര്യത്തിൽ സർക്കാരിന് പ്രത്യക്ഷ ബാദ്ധ്യതയില്ലാതിരുന്നിട്ടും ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനുള്ള പരമാവധി സഹായം ചെയ്തു വരികയാണ്. ടി വിവരം ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. |
| (ഇ) | ദുരിതത്തിലായ കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കുമോ? | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാടാണ് സ്വീകരിച്ചു വരുന്നത്. |

**സെക്ഷൻ ഓഫീസർ**